**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7437 — 14/07/2014-ൽ മറുപടിയ്ക്ക്

## ഗ്രീൻഹൗസുകൾ നിർമ്മാണം

ചോദ്യം
**ഡോ.കെ.ടി . ജലീൽ**

മറുപടി
**ശ്രീ . കെ.പി.മോഹനൻ**
**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)**

| ചോദ്യം | മറുപടി |
|---|---|
| എ) ഗ്രീൻഹൗസുകൾ നിർമ്മിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | എ) പോളീഹൗസ് നിർമ്മിക്കുന്നതിനായി അപേക്ഷകൾ ക്ഷണിക്കുകയും ലഭിച്ച അപേക്ഷകളിൽ നിന്നും സ്ഥല പരിശോധന നടത്തി പോളീഹൗസ് കൃഷിയ്ക്ക് അനുയോജ്യമായ സ്ഥലമുള്ള കർഷകരെ പദ്ധതിയ്ക്കായി തിരഞ്ഞെടുക്കുന്നു. അവർക്ക് പോളീഹൗസ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതി ഉത്തരവ് നൽകുകയും ചെയ്യുന്നു. കൂടാതെ അവർക്ക് പോളീഹൗസ് കൃഷി ചെയ്യുന്നതിനാവശ്യമായ നിർദ്ദേശങ്ങളും സാങ്കേതിക വിവരങ്ങളും പരിശീലനവും നൽകുന്നു. തുടർന്ന് പോളീഹൗസ് നിർമ്മിക്കുന്നതിനായി നിർമ്മാണ സ്ഥാപനങ്ങളുടെ വിവരങ്ങളും പോളീഹൗസ് കൃഷിയ്ക്കാവശ്യമായ വിവിധ സേവന ദാതാക്കളുടെ വിവരങ്ങളും സർക്കാർ കർഷകർക്ക് ലഭ്യമാക്കുന്നു. |
| ബി) ഇതിനായി സമയ പരിധി നിശ്ചയിച്ചിട്ടുണ്ടോ; | ബി) ഉണ്ട്. |
| സി) ഉണ്ടെങ്കിൽ എന്നു മുതൽ എന്നു വരെയായിരുന്നുവെന്ന് വ്യക്തമാക്കുമോ ? | സി) 2014-15 സാമ്പത്തിക വർഷത്തിലെ ഹൈടെക് കൃഷിയ്ക്കായി 2014 ജൂലൈ 8 വരെ അപേക്ഷകൾ സ്വീകരിക്കുകയും, ആഗസ്റ്റ് 15 ന് മുമ്പായി സ്ഥല പരിശോധനയും നടത്തുകയും, ആഗസ്റ്റ് 31-ന് മുമ്പായി ഉടമ്പടി ഒപ്പ് വയ്ക്കുകയും നിർമ്മാണ ഉത്തരവ് നൽകുകയും ചെയ്യുന്നു. ഡിസംബർ മാസം 31-ന് മുമ്പായി പോളീഹൗസ് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും 2015 ഫെബ്രുവരി 28 ന് മുമ്പായി ധനസഹായം വിതരണം ചെയ്യുന്നതുമാണ്. |

**സെക്ഷൻ ഓഫീസർ**